MR. I. C. CHACKO : ഡിപ്പാർട്ടുമെൻറിൽനിന്നും ചില അന്വേഷണങ്ങൾ നടത്താതിരുന്നിട്ടില്ല. അതുകൂടി ചെലവു സഹിക്കാൻ തയ്യാറാകുമെങ്കിൽ ശരിയായ അന്വേഷണം നടത്തുന്നതിനു വിരോധമില്ല.

MR. P. M. VARGHESE : അതിലുള്ള വെള്ളം മതിയാകുമോ എന്നുള്ള കാര്യത്തെപ്പറ്റി എങ്കിലും അന്വേഷിച്ചോ ?

MR. I. C. CHACKO : കിട്ടുന്നിടത്തോളം വെള്ളംകൊണ്ടു കൃഷിചെയ്യാവുന്നിടത്തോളം സ്ഥലംകൊണ്ടു അതുകൂടി തൃപ്തിപ്പെടാൻ തയ്യാറാകേണ്ടതാണു്.

Ghats in the rivers.

95. *MR. CHAZHIKATTU JOSEPH (*Minachil* cum *Todupuzha*): Will the Government be pleased to state whether they are aware that difficulties are being experienced by the people in the towns of Palai and Todupuzha for want of ghats in the rivers nearby?

MR. I. C. CHACKO : Government are not aware of any inconvenience due to want of ghats at Palai. Regarding Todupuzha, there has been a representation.

MR. CHAZHIKATTU JOSEPH: തൊടുപുഴയുള്ളവർഞാറിലേക്കു ഒരു കടവു വേണമെന്നു് ഗവണ്മെൻറിനെ ധരിപ്പിച്ച സ്ഥിതിക്കു് അങ്ങനെ പ്രവർത്തിച്ചിട്ടുണ്ടോ ?

MR. I.C. CHACKO : ഇ ഠ ഠ ഠ രൂപയ്ക്കു് ഇക്കൊല്ലം എസ്റ്റിമേറു് തയ്യാറാക്കിയിട്ടുണ്ടു്.

MR. CHAZHIKATTU JOSEPH : ക ക വ ഠ രൂപാമാണ്ടിലെങ്കിലും അവിടെ ഒരു കടവുണ്ടാകുമെന്നു പ്രതീക്ഷിക്കാമോ ?

MR. I. C. CHACKO : നിശ്ചയമായി പറയുവാൻ പാടില്ല.

MR. CHAZHIKATTU JOSEPH : പാലായിൽ ഒരു കടവു് ആവശ്യമാണെന്നു ഞാൻ ഇപ്പോൾ പറഞ്ഞാൽ പൊതുജനങ്ങളുടെ ആവശ്യമാണു് ഞാൻ പറയുന്നതെന്നു ധരിക്കുവാൻ വിരോധമുണ്ടോ ?

MR. I. C. CHACKO : വിരോധമൊന്നുമില്ല.

MR. CHAZHIKATTU JOSEPH : എന്നാൽ അതു നടപ്പിൽ വരുത്തുവാൻ വേണ്ട നടപടികൾ ചെയ്യുമോ ?

LIBRARY ARCHIVES Kerala Legislative Assembly